(ബി) സ്റ്റേറിലെ ഏതെങ്കിലും റോഡിൽ പ്രസ്തുത റൂട്ട് പെർമിറ്റ് നൽകാൻ പാടില്ലെന്ന വച്ചിട്ടുണ്ടോ; കൊല്ലം—ആലപ്പുഴ (*via* Thottappalli) റൂട്ട് പെർമിറ്റ് നൽകാവുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ലാറി ട്രാൻസ്പോർട്ടിംഗ് നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വൻതോതിലുള്ള അഴിമതി നടന്നുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) മോട്ടാർ വെഹിക്കിൾ ആക്ടറിലും റൂളുകളിലും ഇതു സംബന്ധിച്ചുള്ള നിബന്ധനകൾ ഉണ്ട്.

(ബി) കൊല്ലം—ആലപ്പുഴ റൂട്ടിൽ പെർമിറ്റ് നൽകുന്നില്ല. പ്രസ്തുത റോഡിന്റെ സ്ഥിതിയും കണ്ണേറിൽ തോട്ടപ്പള്ളി നീണ്ടകര എന്നീ പാലങ്ങളുടെ സ്ഥിതിയും പരിഗണിച്ചാണ് റൂട്ട് പെർമിറ്റ് നൽകാത്തത്.

(സി) അഴിമതി ഉള്ളതായി അറിവില്ല

റോഡ് സ്പെഷ്യൽ സർവ്വേസിംഗ്.

* 1071. [21] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

രണ്ടാംപഞ്ചവത്സരപദ്ധതിയുടെ ഒന്നാമത്തെ കൊല്ലത്തിൽ ആകെ എത്ര മൈൽ റോഡ് സ്പെഷ്യൽ സർവ്വേസിംഗ് നടത്താൻ കഴിയും; ഓരോ ഡിസ്ട്രിക്ടിലും എത്ര വീതം?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

ഉദ്ദേശം 200 മൈൽ ഡിസ്ട്രിക്ട് അടിസ്ഥാനത്തിലുള്ള വിഭജനം നടത്തിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

നെയ്യാർഡാം റൈറ്റ്ബാങ്ക് ചാനൽ.

* 1072. [25] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം റൈറ്റ്ബാങ്ക് ചാനൽ ആദ്യത്തെ പത്തു മൈൽ ദൂരത്തിൽ ജലനിരപ്പിൽനിന്നും ശരാശരി എത്ര അടി താഴ്ച വരും;

(ബി) ഈ ചാനലിന്റെ ഏതു ഭാഗമാണ് ജലനിരപ്പിൽനിന്നും ഏറ്റവും താഴ്ചയിൽ എത്തിയിട്ടുള്ളത്; ആ ഭാഗത്തെ താഴ്ച എത്ര അടിയാണ്;

(സി) ഈ ചാനലിന്റെ 8-ാമത്തെ മൈൽ ക്രോസ്സുചെയ്യുപോകുന്ന മംഗലയ്ക്കൽ ഏലായുടെ ഭാഗങ്ങളിൽ എത്ര അടി താഴ്ച സംഭവിച്ചിട്ടുണ്ട്;

(ഡി) ഏലായുടെ വറ്റിച്ചുള്ള കാരണമാകുന്ന ഭാഗങ്ങളിൽ ഉടനടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിമൂലം കൃഷിക്കാരെ രക്ഷപ്പെടുത്തുവാൻ ഗവണ്മെൻറ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) നെയ്യാർ ഡാം റൈറ്റ്ബാങ്ക് ചാനലിന്റെ ആദ്യത്തെ പത്തു മൈൽ ദൂരത്തിൽ 7 മുതൽ 70 അടിവരെ താഴ്ചയുണ്ട്.

(ബി) ചാനലിന്റെ പത്താമത്തെ മൈലിൽ 500-ാമത്തെ ചെയിനിലാണ് ഏറ്റവും കൂടിയ താഴ്ച. അവിടെ താഴ്ച 70 അടിയാണ്. പക്ഷേ രണ്ടാമത്തെ മൈലിൽ മല തുരന്നു ചാനൽ നിർമ്മിച്ചിട്ടുള്ള ഭാഗത്തു 89 അടിവരെ താഴ്ചയുണ്ട്.

(സി) എട്ടു മുതൽ 12 അടിവരെ താഴ്ചയുണ്ട്.

(ഡി) ചാനലിനു വളരെ ഏറെ താഴ്ചയുള്ള ഭാഗങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുവാൻ ആലോചനയുണ്ട്.

അതിർത്തി പുനർവ്വിഭജനം.

* 1073. [27] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അതിർത്തി പുനർവിഭജിക്കണമെന്നു കാണിച്ചു വല്ല അപേക്ഷകളും ഗവണ്മെന്റിൽ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പഞ്ചായത്തുകളിൽനിന്നും, എത്ര മുനിസിപ്പാലിറ്റികളിൽ നിന്നും അപ്രകാരം ഹർജ്ജികൾ ലഭിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അതിർത്തി പുനർവിഭജിക്കണമെന്നു കാണിച്ചു അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) 6 മുനിസിപ്പാലിറ്റികളിൽനിന്നും 18 പഞ്ചായത്തുകളിൽനിന്നും.

റോഡുകൾ.

* 1074. [28] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു് എത്രയിനം റോഡുകളുണ്ടു്;

(ബി) ഗവണ്മെന്റു് ഏറ്റെടുത്തിട്ടുള്ള ഓരോ ഇനം റോഡുകൾക്കും ആണ്ടുതോറും മൈൽ ഒന്നിനു മെയിന്റനൻസിനു അനുവദിച്ചിട്ടുള്ള തുക എന്തു്;

(സി) ഓരോ സബ്ഡിവിഷനിലുമുള്ള എല്ലാ റോഡുകളും ആണ്ടുതോറും മെയിന്റനൻസു് നടത്താറുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം;

(ഇ) തിരുവല്ലാ സബ്ഡിവിഷനിൽപ്പെട്ട തോട്ടഭാഗം—മല്ലപ്പള്ളി റോഡു് മെയിന്റനൻസു് നടത്തിയിട്ടു് എത്ര വർഷമായി?

LIBRARY ARCHIVES Kerala Legislative Assembly